ആർ.സി.എസ്/5185/2021/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 08.09.2021

## സർക്കുലർ നമ്പർ: 39/2021

വിഷയം:- സഹകരണ വകുപ്പ് - മൂവാറ്റുപുഴ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ.ഇ.1018 -ന് സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി സമാഹരിക്കുന്നതിന് അനുവാദം - സംബന്ധിച്ച്.

സൂചന:- 1. സംഘം ഭരണസമിതിയുടെ 02.07.2021 - ലെ 2-ാം നമ്പർ തീരുമാനം.

2. എറണാകുളം ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ എച്ച്.എം. 1224/2021 നമ്പർ കത്ത്.

മൂവാറ്റുപുഴ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ക്ലിപ്തം.നമ്പർ.ഇ.1018. ഹോസ്പിറ്റൽ വികസനത്തിന് കൂടുതൽ ധനസമാഹരണം നടത്തുന്നതിന് എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഒഴികെ മറ്റ് താലൂക്കിലുള്ള സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി സമാഹരിക്കുന്നതിന് അനുവാദത്തിനായി സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനമെടുത്ത് സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) വഴി അപേക്ഷിച്ചിരിക്കുന്നു. അപേക്ഷ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

ആശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ ധനം ഓഹാരിയായും (ഷെയർ) ഗവണ്മെന്റിൽ നിന്നും, മറ്റു സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും (തദ്ദേശിയരിൽ നിന്നോ വിദേശിയരിൽ നിന്നോ) വായ്പയായോ, ഗ്രാൻറായോ, സംഭാവനയായോ, നിക്ഷേപമായോ സമ്പാദിക്കുക. ഓഹരി/നിക്ഷേപം തുടങ്ങിയവ സമാഹാരിക്കുന്നതിന് പ്രത്യേക സൗജന്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന് സംഘത്തിന്റെ നിയമാവലി 5(14)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശപ്രകാരം

മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു.

സൂചന(1)തീരുമാനത്തിന്റെയും,സൂചന(2)റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മൂവാറ്റുപുഴ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ക്ലിപ്തം.നമ്പർ.ഇ.1018-ന് ഹോസ്പിറ്റൽ വികസനത്തിന് കൂടുതൽ ധനസമാഹരണം നടത്തുന്നതിന് എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഒഴികെ സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സംഘം രജിസ്ട്രാരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിന്നും അതാതു സഹകരണ സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഹരി സമാഹരിക്കുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്
പി.ബി.നൂഹ്,ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

സെക്രട്ടറി,
മൂവാറ്റുപുഴ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ക്ലിപ്തം.നമ്പർ.ഇ.1018, നിയർ ചാലികടവ് ബ്രിഡ്ജ്, വൺവെ ജംഗ്ഷൻ
മൂവാറ്റുപുഴ, എറണാകുളം. ഫോൺനമ്പർ.91485 2836820, 2836868

പകർപ്പ്:- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) എറണാകുളം.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എറണാകുളം.
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി.)